**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 721** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് നിക്ഷേപത്തിന് ഗ്യാരന്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് നിക്ഷേപകർക്ക് ഗ്യാരന്റി നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | 2018-ലെ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം അനുസരിച്ച് നിക്ഷേപ ഗ്യാരന്റി സ്കീമിൽ ആകെ നിക്ഷേപത്തിനനുസരിച്ച് വിഹിതം അടയ്ക്കുകയും തുടർന്ന് ഓരോ വർഷവും നിക്ഷേപ വർദ്ധനവിനനുസരിച്ച് വിഹിതം അടച്ച് പുതുക്കുകയും ചെയ്യുന്ന സഹകരണ സംഘങ്ങളുടെ 2 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്കാണ് നിക്ഷേപ ഗ്യാരന്റി നൽകുന്നത്. ഈ തുക 5 ലക്ഷം രൂപയായി ഉയർത്തി ഗ്യാരന്റി സ്കീം സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാ ബാങ്ക് പിരിച്ചുവിട്ട് കേരള ബാങ്ക് രൂപീകരിച്ചതുമൂലമാണ് നിക്ഷേപകർക്ക് തങ്ങളുടെ നിക്ഷേപത്തിന് ഗ്യാരന്റി ലഭിക്കാത്ത അവസ്ഥയുണ്ടായത് എന്ന ആക്ഷേപം ഏതുരീതിയിൽ വിലയിരുത്തുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രാഥമിക ബാങ്കുകളുടെ നിക്ഷേപത്തിന് സംസ്ഥാന ഗവൺമെന്റിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ആണ് കേരള ബാങ്ക് രൂപീകരണത്തിനു മുൻപും ഇപ്പോഴും ഗ്യാരന്റി നൽകി വരുന്നത്. |
| (സി) | എന്തു പ്രതിസന്ധി ഉണ്ടായാലും ജില്ലാ ബാങ്കുകൾക്ക് കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്ന സ്ഥിതിവിശേഷത്തിന് ബദലായി സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാന-ജില്ലാ ബാങ്കുകളെ സംയോജിപ്പിച്ച് സഹകരണ മേഖലയിൽ ശക്തമായ ഇടപെടൽ നടത്താൻ സാമ്പത്തിക പ്രാപ്തിയുള്ള ആധുനിക ബാങ്കിംഗ് സംവിധാനങ്ങളുടെ ബാങ്ക് സൃഷ്ടിക്കുകയാണ് കേരള ബാങ്കിലൂടെ സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ എല്ലാ ജില്ലയിലെ സംഘങ്ങൾക്കും ഒരു പോലെ നേതൃത്വവും സാമ്പത്തിക സഹായവും ചെയ്യാൻ കഴിയുന്നു. |

സെക്ഷൻ ഓഫീസർ